(എ) ഇപ്പോൾ ഡി.പി.ഇ.പി. ഏതെല്ലാം ജില്ലകളിലാണ് നടപ്പിലാക്കി വരുന്നത്; നാളിതുവരെ എന്തു തുക ഇതിനായി ചെലവഴിച്ചു; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) ഡി.പി.ഇ.പി. പദ്ധതിയെക്കുറിച്ച് ഉയർന്നുവന്ന ന്യൂനതകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം ന്യൂനതകളാണ്; അവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) ഈ പദ്ധതി ഏർപ്പെടുത്തിയ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽനിന്നും കുട്ടികൾ കൊഴിഞ്ഞുപോയിട്ടുണ്ട് എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിന്മേൽ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണ്?

ഉത്തരം

(എ) തിരുവനന്തപുരം, ഇടുക്കി, പാലക്കാട്, മലപ്പുറം, വയനാട്, കാസർഗോഡ് എന്നീ ആറു ജില്ലകളിലാണ് ഇപ്പോൾ ഡി.പി.ഇ.പി. നടപ്പിലാക്കിവരുന്നത്. നാളിതുവരെ ഇതിലേക്കായി 8881.74 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. അവയുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം	:	1146.51 ലക്ഷം രൂപ
ഇടുക്കി	:	540.81 ലക്ഷം രൂപ
പാലക്കാട്	:	1435.35 ലക്ഷം രൂപ
മലപ്പുറം	:	2816.69 ലക്ഷം രൂപ
വയനാട്	:	734.35 ലക്ഷം രൂപ
കാസർഗോഡ്	:	1395.69 ലക്ഷം രൂപ
സംസ്ഥാന ഓഫീസ്	:	670.06 ലക്ഷം രൂപ
ആകെ	:	8881.74 ലക്ഷം രൂപ

(ബി) ഡി.പി.ഇ.പി.യുടെ നേതൃത്വത്തിൽ വിഭാവനം ചെയ്തു രൂപപ്പെടുത്തിയിട്ടുള്ള പാഠപുസ്തകങ്ങളെപ്പറ്റിയാണ് വിമർശനങ്ങൾ ഉന്നയിക്കപ്പെട്ടിരുന്നത്. 1997-98-ൽ എസ്.സി.ഇ.ആർ.ടി. ഡയറക്ടറുടെ നേതൃത്വത്തിൽ ഒരു വിദഗ്ദ്ധ സമിതി പ്രസ്തുത ആരോപണങ്ങളെക്കുറിച്ച് പരിശോധിച്ച് പാഠപുസ്തകങ്ങളിൽ വേണ്ട മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. വീണ്ടും 1998-99-ൽ പാഠപുസ്തകങ്ങൾ സമഗ്രമായി പരിശോധിച്ച് ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി പ്രൊഫ. ഗൂപ്തൻ നായരുടെ നേതൃത്വത്തിൽ ഒരു സമിതിയെ നിയോഗിക്കുകയും പ്രസ്തുത സമിതിയുടെ നിഗമനങ്ങളുടെ വെളിച്ചത്തിൽ 1, 2 ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ പരിഷ്കരിക്കുകയും ചെയ്തു.

(സി) ഈ പദ്ധതി ഏർപ്പെടുത്തിയ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽനിന്നും കുട്ടികൾ കൊഴിഞ്ഞുപോയിട്ടുണ്ട് എന്ന ആരോപണം ശരിയല്ല.

(ഡി) ബാധകമല്ല.

33 (1247) പുതിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കാൻ നടപടി

1093/2010.

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. ചെർക്കളം അബ്ദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസപരമായി പിന്നോക്കപ്രദേശങ്ങളിലും ന്യൂനപക്ഷങ്ങൾ താമസിക്കുന്നിടങ്ങളിലും പുതിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കുന്നതു സംബന്ധിച്ച് സർക്കാരിന്റെ നയം വ്യക്തമാക്കുമോ;

(ബി) പ്ലസ്ടു അനുവദിച്ചപ്പോൾ ചില സമുദായങ്ങളുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നേരെയുണ്ടായ അവഗണന പരിഹരിക്കുമെന്ന് ഉറപ്പുനൽകിയത് അനുസരിച്ച് എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം 5 ലെ റൂൾ 2 അനുസരിച്ചാണ് സ്കൂളുകൾ അനുവദിക്കുന്നത്.

(ബി) ഈ വർഷം പുതിയ പ്ലസ് ടു സ്കൂളുകളൊന്നും അനുവദിച്ചിട്ടില്ല. പ്രീഡിഗ്രി വിഘടിച്ച് പ്ലസ് ടു നടപ്പിലാക്കുന്നത് പൂർത്തിയാകുമ്പോൾ നിലവിലുള്ള പല അപാകതകളും പരിഹരിക്കപ്പെടും.

34 (1248) എസ്.എസ്.എൽ.സി. പരീക്ഷയുടെ റാങ്ക് നിർണ്ണയം

<u>ശ്രീ. എം.കെ. മുനീർ</u> :

<u>ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി</u> :

<u>ശ്രീ. ഇസ്ഹാക് കുരിക്കൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എസ്.എസ്.എൽ.സി. പരീക്ഷയുടെ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിൽ പലപ്പോഴും പിശകുവരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തൃശൂർ ജില്ലയിലെ സേക്രഡ് ഹാർട്ട് സ്കൂൾ വിദ്യാർത്ഥിനി രൂപാരാജന്റെ പരീക്ഷാ പേപ്പർ പുനഃപരിശോധനയിൽ മാർക്ക് കൂട്ടിക്കിട്ടുകയും അഞ്ചാം റാങ്ക് നൽകിയെന്ന് പ്രസിദ്ധപ്പെടുത്തുകയും ചെയ്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പുനഃപരിശോധനയ്ക്ക് അപേക്ഷിച്ച് ഒരു മാസം കഴിഞ്ഞിട്ടും മറുപടി ലഭിക്കാത്തതിനാൽ കോടതിയെ സമീപിക്കേണ്ടതായി വന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത്തരം തെറ്റുകുറ്റങ്ങൾ കണ്ടുപിടിച്ചാൽ കുറ്റക്കാരായ ഉദ്യോഗസ്ഥരെ മാതൃകാപരമായി ശിക്ഷിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ എസ്.എസ്.എൽ.സി പരീക്ഷയുടെ റാങ്ക് തയ്യാറാക്കുന്നതിൽ പിശകു വരാറില്ല. എന്നാൽ കഴിഞ്ഞ പരീക്ഷയിലെ ഉത്തരപേപ്പർ അപേക്ഷാനുസരണം പുനർനിർണ്ണയം നടത്തിയപ്പോൾ അഞ്ചാം റാങ്കിന് ലഭിച്ചത്രയും മാർക്ക് രൂപാരാജനെന്ന കുട്ടിക്ക് ലഭിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly